ഇരവിപുരത്ത് കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ടവരുടെ പുനരധിവാസം

133 [1851] ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004 ജൂൺ മാസം ഉണ്ടായ കടൽക്ഷോഭത്തിൽ ഇരവിപുരം പ്രദേശത്തെ വീടുകൾ നഷ്ടപ്പെട്ട 30 കുടുംബങ്ങളെ അഭയാർത്ഥി കേന്ദ്രങ്ങളിൽ പാർപ്പിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവരുടെ പുനരധിവാസത്തിനായി ഇതിനകം എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(സി) 2004 നവംബർ മാസം 9-ാം തീയതി ബഹു. ഫിഷറീസ് വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന കോൺഫറൻസ് തീരുമാനം കൊല്ലം ജില്ലാ കളക്ടർ നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നഷ്ടം കണക്കാക്കി ധനസഹായം അനുവദിച്ചിട്ടുണ്ട്. ഭാഗികമായി നഷ്ടം സംഭവിച്ചവർ ധനസഹായം കൈപ്പറ്റുകയും ചെയ്തു. എന്നാൽ സ്വന്തമായി ഭൂമി ഇല്ലാത്തവർക്ക് പുനരധിവാസത്തിന് സ്ഥലം കണ്ടെത്തി വീട് നിർമ്മിച്ച് നൽകേണ്ടതുള്ളതിനാൽ ധനസഹായം നൽകൽ നിറുത്തിവച്ചിരിക്കുകയാണ്.

(സി) കോൺഫറൻസ് തീരുമാനം അനുസരിച്ച് ജില്ലാ കളക്ടർ സ്ഥലം പരിശോധിച്ച് ഇവർക്ക് അനുവദിച്ച തുക വർദ്ധിപ്പിക്കുകയും മേൽപ്പടി തുക ഇപ്പോൾ വിതരണം ചെയ്തുവരികയുമാണ്.

മോഡൽ ഫിഷിംഗ് ഹാർബർ സ്ഥാപിക്കാൻ നടപടി

134 [1852] പ്രൊഫസർ കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര മത്സ്യബന്ധന തുറമുഖവും ഫിഷ് ലാന്റിംഗ് സെന്ററുകളും ഉണ്ട് ;

(ബി) കൂടുതൽ മത്സ്യബന്ധന തുറമുഖങ്ങളും ലാന്റിംഗ് സെന്ററും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം ;

(സി) നിലവിലുള്ള മത്സ്യബന്ധന തുറമുഖങ്ങളും ലാന്റിംഗ് സെന്ററുകളും കൂടുതൽ കാര്യക്ഷമമാക്കുവാനും ശുചീകരിക്കുവാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) കേരളത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം ഒരു മോഡൽ ഫിഷിംഗ് ഹാർബർ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly